**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - സംസ്ഥാന സർക്കാരിന്റെ എല്ലാ ആസ്തികളുടെയും വിശദവിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പരിപാലനത്തിനുമായി ഒരു ഏകീകൃത ഡിജിറ്റൽ സംവിധാനം SAMPATH (Spatial Asset Management Platform for Administration, Tracking and Harmonisation) Portal വികസിപ്പിക്കുന്നതിനും, എല്ലാ സർക്കാർ വികസന പദ്ധതികളുടേയും GIS അധിഷ്ഠിത Project Register മൊഡ്യൂൾ കൂടി ഉൾപ്പെടുത്തി PLANSPACE 2.0 വികസിപ്പിക്കുന്നതിനും തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുഭരണ (ഏകോപനം & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ്**

സ.ഉ.(കൈ)നം.104/2026/GAD                    തീയതി, തിരുവനന്തപുരം, 31-07-2026

---

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, അണക്കെട്ടുകൾ, പൈതൃക സ്മാരകങ്ങൾ, യന്ത്രസാമഗ്രികൾ, വാഹനങ്ങൾ തുടങ്ങി വിവിധ ആസ്തികളുടെ വിവരങ്ങൾ നിലവിൽ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമായി പരസ്പരം ബന്ധിപ്പിച്ചിട്ടില്ലാത്ത പ്രത്യേകം പ്രത്യേകം സംവിധാനങ്ങളിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സംവിധാനം, പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്ററുകൾ, റവന്യൂ വകുപ്പിന്റെ സർക്കാർ ഭൂമി രേഖകൾ എന്നിവ തമ്മിൽ വിവരങ്ങൾ പങ്കുവയ്ക്കുന്ന ഏകീകൃത സംവിധാനം നിലവിലില്ല. ഇതുമൂലം സംസ്ഥാന സർക്കാരിന്റെ ആസ്തികളെക്കുറിച്ചുള്ള പൂർണവും കൃത്യവുമായ വിവരങ്ങൾ ഒരിടത്ത് ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്.

2) സമാനമായി, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്ന പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, കേന്ദ്ര സർക്കാർ പദ്ധതികൾ, KIIFB, ലോകബാങ്ക്, NABARD, മറ്റ് ധനസ്രോതസ്സുകൾ എന്നിവ മുഖേന നടപ്പാക്കുന്ന വികസന പദ്ധതികൾ എന്നിവയുടെ വിവരങ്ങൾ നിലവിൽ വിവിധ സംവിധാനങ്ങളിലായാണ് പരിപാലിച്ചുവരുന്നത്. ആയത് ഒരേ സ്ഥലത്ത് വ്യത്യസ്ത വകുപ്പുകൾ മുഖേന സമാന പദ്ധതികൾ നടപ്പാക്കുന്നതിനും,

പദ്ധതി ആസൂത്രണത്തിൽ ഏകോപനക്കുറവ് ഉണ്ടാകുന്നതിനും കാരണമായിത്തീരാറുണ്ട്. കൂടാതെ, പദ്ധതികളുടെ സമഗ്രമായ Spatial Visibility സാധ്യമാകാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്.

3) ഈ സാഹചര്യത്തിൽ, സംസ്ഥാന ഭരണത്തിൽ Spatial Governance എന്ന ആശയം പ്രായോഗികമാക്കുന്നതിനും സർക്കാർ തീരുമാനങ്ങൾ കൂടുതൽ വിവരാധിഷ്ഠിതമാക്കുന്നതിനും ആസ്തി മാനേജ്മെന്റും പദ്ധതി ആസൂത്രണവും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ശക്തിപ്പെടുത്തുന്നതിനും ചുവടെ വിവരിക്കുന്ന രണ്ട് സമഗ്രമായ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ വിലയിരുത്തുന്നു.

**(I) സ്പേഷ്യൽ അസറ്റ് മാനേജ്മെന്റ് പ്ലാറ്റ്ഫോം ഫോർ അഡ്മിനിസ്ട്രേഷൻ, ട്രാക്കിംഗ് ആൻഡ് ഹാർമണൈസേഷൻ (SAMPATH) പോർട്ടൽ**

SAMPATH (Spatial Asset Management Platform for Administration, Tracking and Harmonisation) എന്നത് സംസ്ഥാനതല Spatial Asset Management Portal ആണ്. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, അണക്കെട്ടുകൾ, പൈതൃക സ്മാരകങ്ങൾ, വാഹനങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ പൊതുആസ്തികളുടെയും ഏകീകൃത ഡിജിറ്റൽ രജിസ്റ്റർ സൃഷ്ടിക്കുന്നതിനാണ് ഈ പോർട്ടൽ ലക്ഷ്യമിടുന്നത്. ഓരോ ആസ്തിയുടെയും ഭൗമസ്ഥാനം, അതിർത്തികൾ, GPS കോ-ഓർഡിനേറ്റുകൾ, സർവേ വിവരങ്ങൾ, ഉടമസ്ഥാവകാശ രേഖകൾ, സാമ്പത്തിക വിവരങ്ങൾ, നിലവിലെ അവസ്ഥ, ചിത്രങ്ങൾ എന്നിവ GIS അടിസ്ഥാനത്തിൽ രേഖപ്പെടുത്തി സംസ്ഥാനത്തിന്റെ ആദ്യത്തെ സമഗ്ര Public Asset Register സൃഷ്ടിക്കുന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകളിൽ നിലവിലുള്ള വിവരങ്ങൾ ഏകോപിപ്പിക്കുന്നതിനൊപ്പം ഭാവിയിൽ സർക്കാർ നടത്തുന്ന ഓരോ മൂലധന നിക്ഷേപവും ആസ്തി രജിസ്റ്ററുമായി ബന്ധിപ്പിക്കുന്ന സംവിധാനവും വികസിപ്പിക്കുന്നതാണ്. നിർമ്മിത ബുദ്ധി (Artificial Intelligence) അധിഷ്ഠിത വിശകലന സംവിധാനത്തിലൂടെ ആസ്തികളുടെ കാലപ്പഴക്കം, അറ്റകുറ്റപ്പണികളുടെ ആവശ്യകത, അപകട സാധ്യത, ഉപയോഗ ക്ഷമത എന്നിവ മുൻകൂട്ടി വിലയിരുത്താൻ സാധിക്കും. ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൂടുതൽ കൃത്യതയുള്ള നടപടികൾ സ്വീകരിക്കാൻ ഈ പോർട്ടൽ ഉപകരിക്കും. കേന്ദ്ര ധനകാര്യ ഉത്തരവാദിത്വ ചട്ടങ്ങളിലെയും (FRBM) കേരള Fiscal Responsibility Rules-ലെയും ആസ്തി റിപ്പോർട്ടിംഗ് ബാധ്യതകൾ കാര്യക്ഷമമായി നിറവേറ്റുന്നതിനും സർക്കാർ ആസ്തികളുടെ

സംരക്ഷണത്തിനും പ്രയോജനപ്പെടുത്തലിനും ഈ സംവിധാനം സഹായകരമാകുന്നതാണ്.

**SAMPATH പോർട്ടൽ നടപ്പിലാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന പ്രധാന നേട്ടങ്ങൾ ചുവടെപ്പറയുന്നവയാണ്**

(a) സമാന ആസ്തികളുടെ വാങ്ങിക്കൂട്ടലും നിർമ്മാണവും ഒഴിവാക്കുന്നതിലൂടെ പൊതുചെലവ് നിയന്ത്രിക്കാനും, ഉയർന്ന മൂല്യമുള്ള സർക്കാർ ഭൂമികളെ കയ്യേറ്റത്തിൽ നിന്ന് സംരക്ഷിക്കാനും, ഉപയോഗശൂന്യമായ ആസ്തികളെ സാമ്പത്തികമായി പ്രയോജനപ്പെടുത്താനും, അപൂർണ്ണമായ ആസ്തി രേഖകൾ മൂലമുണ്ടാകുന്ന ഓഡിറ്റ് പരാമർശങ്ങൾ കുറയ്ക്കാനും സാധിക്കും.

(b) അടിയന്തര അറ്റകുറ്റപ്പണികളിൽ നിന്ന് ആസൂത്രിതവും മുൻകരുതലോടെയുള്ളതുമായ (Preventive Maintenance) പരിപാലന സംവിധാനത്തിലേക്ക് മാറുന്നതിലൂടെ ഓരോ ആസ്തിയുടെയും മൊത്തത്തിലുള്ള പരിപാലന ചെലവ് കുറയ്ക്കുകയും പൊതുവിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുകയും ചെയ്യും.

(c) സംസ്ഥാനത്തെ എല്ലാ സർക്കാർ ആസ്തികളുടെയും സ്ഥാനം, മൂല്യം, ഉപയോഗ സ്ഥിതി, നിലവിലെ അവസ്ഥ എന്നിവ ഏകീകൃതമായ തത്സമയ GIS ഭൂപടത്തിലൂടെ ലഭ്യമാകുന്നതിലൂടെ തെളിവടിസ്ഥാനത്തിലുള്ള (Evidence-based) ഭരണപരവും ധനകാര്യപരവുമായ തീരുമാനങ്ങൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(d) കേന്ദ്ര-സംസ്ഥാന ധനകാര്യ ഉത്തരവാദിത്വ ചട്ടങ്ങളായ FRBM വ്യവസ്ഥകൾ പിന്തുടരുന്നതിനും, കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാനങ്ങളും പിന്തുടരുന്ന ആധുനിക ആസ്തി പരിപാലന മാനദണ്ഡങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിനും സാധിക്കുന്നതാണ്.

**(ii) PLANSPACE 2.0 – പ്രോജക്ട് രജിസ്റ്റർ മൊഡ്യൂൾ**

**(എല്ലാ ധനസ്രോതസ്സുകളിലൂടെയും നടപ്പാക്കുന്ന സർക്കാർ പദ്ധതികളേയും ഭൗമവിവര (Spatial) അടിസ്ഥാനത്തിൽ മാപ്പ് ചെയ്യുന്ന വിപുലമായ സംവിധാനം)**

സംസ്ഥാന പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, കേന്ദ്ര സർക്കാർ പദ്ധതികൾ, KIIFB, NABARD, ലോകബാങ്ക് തുടങ്ങിയ എല്ലാ ധനസ്രോതസ്സുകളിലൂടെയും നടപ്പാക്കുന്ന വികസന പദ്ധതികളെ ഭൗമ വിവര അടിസ്ഥാനത്തിൽ ഏകീകൃതമായി രേഖപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഓരോ

പദ്ധതിയുടെയും കൃത്യമായ സ്ഥലം, നിർവഹണ ഏജൻസി, ഭരണാനുമതി, ധനസ്രോതസ്സ്, ചെലവ്, പുരോഗതി എന്നിവ GIS ഭൂപടത്തിൽ രേഖപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തെ എല്ലാ വികസന പ്രവർത്തനങ്ങളുടെയും Spatial Project Register രൂപീകരിക്കാൻ സാധിക്കും. പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് മുമ്പ് അതേ സ്ഥലത്ത് സമാന പ്രവൃത്തികൾ നിലവിലുണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ആവർത്തിച്ചുള്ള മൂലധന ചെലവ് ഒഴിവാക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനും ഈ സംവിധാനം സഹായകരമാകും. PM Gati Shakti National Master Plan വിഭാവനം ചെയ്യുന്ന Spatial Planning സമീപനത്തോട് യോജിച്ച രീതിയിലാണ് ഈ സംവിധാനം വികസിപ്പിക്കുന്നത്.

**PLANSPACE 2.0 – പ്രോജക്റ്റ് രജിസ്റ്റർ വികസിപ്പിക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന പ്രധാന നേട്ടങ്ങൾ ചുവടെപ്പറയുന്നവയാണ്**

(a) Project Register-ൽ ഓരോ പദ്ധതിയുടെയും ഭൗമസ്ഥാനം (Geo-location), സർവേ നമ്പർ/സ്ഥല വിവരങ്ങൾ, നിർവഹണ ഏജൻസി, ഭരണാനുമതി നൽകിയ അധികാരി, ധനസ്രോതസ്സ്, പദ്ധതി ചെലവ്, സാമ്പത്തികവും ഭൗതികവുമായ പുരോഗതി, നിലവിലെ നിർവഹണ ഘട്ടം എന്നിവ രേഖപ്പെടുത്തുന്നതാണ്. ഈ വിവരങ്ങൾ PLANSPACE-ലെ ഏകീകൃത GIS ഭൂപടത്തിൽ പ്രദർശിപ്പിക്കുന്നതിനാൽ സംസ്ഥാനത്തെ പുരോഗമിക്കുന്നതും പൂർത്തിയായതുമായ എല്ലാ പദ്ധതികളുടെയും സ്ഥിതി വിവരങ്ങൾ ഒരൊറ്റ സംവിധാനത്തിലൂടെ ലഭ്യമാകും.

(b) പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് മുമ്പ് അതേ സ്ഥലത്ത് സമാനമായ പദ്ധതികൾ നിലവിലുണ്ടോയെന്ന് പരിശോധിക്കുന്നതിനും, പദ്ധതികളുടെ ആവർത്തനം ഒഴിവാക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനും ഈ സംവിധാനം സഹായകമാകും.

(c) കൂടാതെ, പദ്ധതി പൂർത്തിയാകുന്ന ഘട്ടത്തിൽ അതിന്റെ വിവരങ്ങൾ സംസ്ഥാനത്തിന്റെ Public Asset Register-ലേക്ക് സ്വയമേവ കൈമാറി സ്ഥിര മൂലധന ആസ്തിയായി (Commissioned Capital Asset) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതാണ്. ഇതുവഴി പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതുമുതൽ ആയത് പൂർത്തിയാകുന്നതുവരെയും തുടർ പരിപാലനവും ഉൾപ്പെടെ പദ്ധതിയുടെ സമ്പൂർണ്ണ ചിത്രം (Life Cycle) ഒരൊറ്റ സംവിധാനത്തിലൂടെ നിരീക്ഷിക്കാൻ സാധിക്കുന്നതാണ്.

4) മുകളിൽ വിവരിച്ച സാഹചര്യങ്ങൾ പരിഗണിച്ച്, സംസ്ഥാന സർക്കാരിന്റെ എല്ലാ ആസ്തികളുടെയും സമഗ്രമായ ഡിജിറ്റൽ മാപ്പിംഗ്, രജിസ്ട്രേഷൻ, പരിപാലനം, നിരീക്ഷണം, വിശകലനം എന്നിവയ്ക്കായി SAMPATH (State Asset Mapping, Planning,

Tracking & Management System) Portal വികസിപ്പിക്കുന്നതിനും, PLANSPACE 2.0-ൽ GIS അധിഷ്ഠിത Project Register മൊഡ്യൂൾ വികസിപ്പിച്ച് സംസ്ഥാനത്തെ എല്ലാ വകുപ്പുകളുടെയും എല്ലാ ധനസ്രോതസ്സുകളിലൂടെയും നടപ്പാക്കുന്ന വികസന പദ്ധതികളെ ഏകീകൃത ഡിജിറ്റൽ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് തത്വത്തിൽ (In-principle) അംഗീകാരം നൽകിക്കൊണ്ടും, മേൽ പരാമർശിച്ച പോർട്ടലുകൾ വികസിപ്പിക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരളയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്ക്.
2. എല്ലാ വകുപ്പ് മേധാവികൾക്കും / ജില്ലാ കളക്ടർമാർക്കും.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
4. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
5. രജിസ്ട്രാർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള.
6. ഡയറക്ടർ, വിവര-പൊതുസമ്പർക്ക വകുപ്പ്. (പ്രസിദ്ധീകരണത്തിനായി)
7. പൊതുഭരണ (എസ്.സി.) വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (GAD-CPMD1/1/2026-GAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ, ചീഫ് സെക്രട്ടറിയുടെ കാര്യാലയം.